# Minutes of the Board of Studies meeting of Malayalam, CMS College (Autonomous), Kottayam held at 11.00 a.m. on 25th April 2019.

Members Present

1 Dr. P. S. Radhakrishnan
2 Dr. S. Preeya
3 Dr. Rajesh M.R.
4 Mini Mariam Zachariah
5 Daisy Abraham
6 Santhini Thomas
7 Jenny Sara Paul
8 Dr. Sreekanth K.N.

കോട്ടയം സി.എം.എസ്. കോളേജ് (ഓട്ടോണമസ്) മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗം 25.04.2019 വ്യാഴാഴ്ച്ച രാവിലെ 11 മണിക്ക് ചെയർമാൻ മിനി മറിയം സഖറിയയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ മുകളിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അംഗങ്ങളും മെമ്പർ സെക്രട്ടറിയും പങ്കെടുത്തു.

യോഗത്തിൽ തുടർചർച്ചകളുടെ വിഷയവും പ്രാധാന്യവും ചെയർമാൻ അവതരിപ്പിച്ചു. 2019-20 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കേണ്ട ബിരുദാനന്തരബിരുദ പാഠ്യപദ്ധതിയെക്കുറിച്ച് വിശദമായ ചർച്ച ആവശ്യമാണെന്നും 2018-19 വരെ തുടർന്നുപോന്ന പാഠ്യപദ്ധതിയിൽ വരുത്തിയ പരിഷ്കാരങ്ങളുടെ രൂപരേഖയും മിനി മറിയം സഖറിയ അവതരിപ്പിച്ചു.

തുടർന്നു നടന്ന ചർച്ചകളിൽ രൂപം കൊണ്ട നിർദ്ദേശങ്ങളും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

**(I) ബിരുദാനന്തരബിരുദ പാഠ്യപദ്ധതിയുടെ പൊതുസ്വഭാവം**

1. പ്രോഗ്രാം ഔട്ട്കം, പ്രോഗ്രാം സ്പെസിഫിക് ഔട്ട്കം, കോഴ്സ് ഔട്ട്കം എന്നിവയുടെ അടിസ്ഥാനത്തിൽ കോഴ്സ് മാപ്പിങ്ങോടെയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.
2. ഗവേഷണാഭിമുഖ്യം, പരിസ്ഥിതി വിജ്ഞാനം, ലിംഗസമത്വം, മാനുഷിക മൂല്യങ്ങൾ, സർഗ്ഗശക്തിയുടെ വളർച്ച തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.
3. എല്ലാ കോഴ്സുകളും അഞ്ചുമൊഡ്യൂളുകളായാണ് ക്രമീകരിച്ചിരിക്കുന്നത്. 90 മണിക്കൂർ പഠന ദൈർഘ്യമുള്ള 16 കോർ കോഴ്സുകൾ, 4 ഇലക്റ്റീവ് കോഴ്സുകൾ, 5 അധിക ഇലക്റ്റീവ് കോഴ്സുകൾ എന്നിവയാണ് പാഠ്യപദ്ധതിയിലുള്ളത്.
4. കോർ കോഴ്സുകൾക്ക് 4 ക്രെഡിറ്റ് വീതവും ഇലക്റ്റീവ് കോഴ്സുകൾക്ക് 3 ക്രെഡിറ്റ് വീതവും പ്രൊജക്റ്റ്, വൈവ-വോസി എന്നിവയ്ക്ക് 2 ക്രെഡിറ്റ് വീതവുമാണുള്ളത്.
5. ഓരോ സെമസ്റ്ററിലും 5 കോഴ്സുവീതം ഉൾപ്പെടുത്തിയിരിക്കുന്നു. ആദ്യ മൂന്നു സെമസ്റ്ററുകളിൽ കോർ കോഴ്സുകൾ മാത്രമാണുള്ളത്. നാലാം സെമസ്റ്ററിൽ ഒരു കോർ കോഴ്സും നാല് ഇലക്റ്റീവ് കോഴ്സുകളുമുണ്ട്
6. പൂർവ്വ വിദ്യാർത്ഥികളുടെ ഫീഡ്ബാക്കുകളിൽ, മലയാളം ബിരുദാനന്തരബിരുദത്തിന്റെ രണ്ടാം സെമസ്റ്ററിൽ അധിക പഠനഭാരമുണ്ടെന്ന അഭിപ്രായം ബോർഡ് ഓഫ് സ്റ്റഡീസ് പരിഗണിക്കുകയും നിലവിൽ രണ്ടാം സെമസ്റ്ററിലെ 'സാഹിത്യസമീപനങ്ങൾ ഭാരതീയേതരം' എന്ന കോഴ്സ് 'പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ' എന്ന പേരിൽ മൂന്നാം സെമസ്റ്ററി ലേയ്ക്കും മൂന്നാം സെമസ്റ്ററിലെ 'മലയാള നിരൂപണം' രണ്ടാം സെമസ്റ്ററിലേയ്ക്കും മാറ്റുവാൻ തീരുമാനിച്ചു.

7. രണ്ടാം സെമസ്റ്ററിലെ 'മലയാള കവിത -ആധുനികത -ഒന്നാം ഘട്ടം' എന്ന കോഴ്സിന്റെ പേര് 'ആധുനിക മലയാള കവിത' എന്നും മൂന്നാം സെമസ്റ്ററിലെ 'മലയാള കവിത-ആധുനികത -രണ്ടാം ഘട്ടം' എന്ന കോഴ്സിന്റെ പേര് 'ആധുനികോത്തര മലയാള കവിത' എന്നും മാറ്റുകയുണ്ടായി
8. ഇലക്റ്റീവ് കോഴ്സുകളായ 'ജനസംസ്കാര പഠനം' എന്ന കോഴ്സിന്റെ പേര് 'നാടോടി വിജ്ഞാനീയം- ചരിത്രവും പരിണാമവും' എന്നും 'പരിഭാഷ:സിദ്ധാന്തവും പ്രയോഗവും' എന്ന കോഴ്സിന്റെ പേര് 'വിവർത്തനം: സാഹിത്യം, സിദ്ധാന്തം, പ്രയോഗം' എന്നുമാക്കി. 'പുതുസാഹിത്യ സമീപനങ്ങൾ' എന്ന ഇലക്റ്റീവ് കോഴ്സിനെ വിപുലീകരിച്ച് 'ദലിത്-പരിസ്ഥിതി-സ്ത്രീസാഹിത്യം' എന്നാക്കി 'സ്ത്രീപക്ഷരചനകൾ' എന്ന ഇലക്റ്റീവ് കോഴ്സ് അധിക ഇലക്റ്റീവ് കോഴ്സുകളിൽ ഉൾപ്പെടുത്തുകയും 'ഗദ്യസാഹിത്യ: . . . എന്ന കോഴ്സ് ഇലക്റ്റീവായി ഉൾപ്പെടുത്തുകയും ചെയ്തു.
9. മലയാളം ബിരുദാനന്തരബിരുദത്തിന്റെ ബോധനമാധ്യമം മലയാളഭാഷയായിരിക്കും
10. നാലാം സെമസ്റ്ററിലെ പ്രൊജക്റ്റ് മൂല്യനിർണ്ണയം, വൈവവോസി എന്നിവ നടത്തുന്നതിനായി കോളജിനു പുറത്തുനിന്നുള്ള വിഷയ വിദഗ്ധരുടെ പാനൽ അംഗീകരിച്ചു.

## (II) ബിരുദ പാഠ്യപദ്ധതിയിൽ വരുത്തിയ മാറ്റങ്ങൾ

1. ബി.എ. മലയാളം കോപ്പി എഡിറ്റിങ് പ്രോഗ്രാമിലെ ഒന്നാം സെമസ്റ്റർ കോമൺ കോഴ്സായ 'കഥ,നോവലി'ൽ നിന്ന് വി.ജെ. ജെയിംസിന്റെ 'പ്രണയോപനിഷത്തി'നു പകരം ഉണ്ണി.ആറിന്റെ 'ഒഴിവുദിവസത്തെ കളി' എന്ന കഥ ഉൾപ്പെടുത്തി.
2. ബി.എ./ബി.എസ്.സി. കോമൺ കോഴ്സ് ഒന്നാം സെമസ്റ്ററിലെ 'കഥാസാഹിത്യം' എന്ന കോഴ്സിലെ വിനോയ് തോമസിന്റെ 'കരിക്കോട്ടക്കരി' എന്ന നോവലിന്റെ ആഖ്യാനരീതി ഉൾക്കൊള്ളാൻ കുട്ടികൾക്കുള്ള പ്രയാസം ബോർഡ് ഓഫ് സ്റ്റഡീസിനു ബോധ്യപ്പെട്ടതിനാൽ എം.ടി. വാസുദേവൻ നായരുടെ 'രണ്ടാമൂഴം' എന്ന നോവൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
3. ബി.എ.മലയാളം കോപ്പി എഡിറ്റിങ് നാലാം സെമസ്റ്ററിലെ 'ഫോട്ടോഷോപ്പ്, കോറൽ ഡ്രോ' എന്ന പ്രാക്റ്റിക്കൽ കോഴ്സിന്റെ പരീക്ഷയും മൂല്യനിർണ്ണയവും നടത്താൻ കോളജിനു പുറത്തുനിന്നുള്ള വിഷയ വിദഗ്ധരുടെ പാനൽ അംഗീകരിച്ചു.

## (III) മലയാളം ബിരുദാനന്തരബിരുദ പ്രോഗ്രാമിന്റെ നിലവിലെ പാഠ്യപദ്ധതിക്കുള്ളിലെ മാറ്റങ്ങൾ

സാഹിത്യത്തിന്റെയും സിദ്ധാന്തങ്ങളുടെ കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതിയിൽ ചില കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്തുവാൻ ബോർഡ് ഓഫ് സ്റ്റഡീസ് തീരുമാനിച്ചു. തീരുമാനങ്ങൾ കോഴ്സടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1. **കോർകോഴ്സുകൾ**

(അ) **കവിത – പ്രാചീനം, മദ്ധ്യകാലം**

ഒന്നാം മൊഡ്യൂളിൽ 'പാലാട്ടുകോമന്റെ പാട്ടുകഥ'യ്ക്കുയ്ക്കു പകരം 'ഒതേനനും പൊന്നും പടനിലത്തെ പാട്ടും' രാമചരിതം 111, 112 പടലത്തിനു പകരം 117 ഉം കണ്ണശ്ശരാമായണം 'കിഷ്കിന്ധാകാണ്ഡ' ത്തിനു പകരം 'ആരണ്യകാണ്ഡ'വും ഉൾപ്പെടുത്തി. മണിപ്രവാളപ്രസ്ഥാനത്തെ ആഴത്തിൽ മനസിലാക്കുവാൻ ഉണ്ണിയച്ചീചരിതം അനന്തപുരവർണ്ണനം, ഉണ്ണുനീലി സന്ദേശം എന്നീ കൃതികളിലെ ഭാഗങ്ങൾ പുതിയതായി ഉൾപ്പെടുത്തി. 'ആധുനിക മലയാളകവിത' എന്ന കോഴ്സ് അതിന്റെ പൂർണതയിൽ നിലനിർത്താൻ മുക്തകങ്ങൾ ഈ കോഴ്സിൽ ചേർത്തു. 'കേരള വർമ്മ രാമായണം', 'ഘോഷയാത്ര' എന്നിവ ഒഴിവാക്കി.

(ആ) **മലയാള ഭാഷ – ചരിത്രവും വർത്തമാനവും**

ആധുനിക വിജ്ഞാന വിനിമയത്തിനു മലയാളവും എന്ന ഭാഗം കൂടുതൽ വ്യക്തമായി കുട്ടികളിലെത്തിക്കുവാൻ കാവുമ്പായി ബാലകൃഷ്ണന്റെ 'ശാസ്ത്രസാഹിത്യം മലയാളത്തിൽ' ഡോ.ബാബു ചെറിയാന്റെ 'ആധുനികശാസ്ത്രത്തെ കൈക്കൊണ്ട ഭാഷ' എന്നീ ലേഖനങ്ങൾ പുതിയതായി ചേർത്തു. ടി.ടി. ശ്രീകുമാറിന്റെ 'ഭാഷാപ്രതിസന്ധിയുടെ സാമൂഹികപശ്ചാത്തലം' എന്ന ലേഖനത്തിനു പകരം പി.പവിത്രന്റെ 'മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരങ്ങൾ' എന്ന ലേഖനം ഉൾപ്പെടുത്തി.

(ഇ) **ചെറുകഥാസാഹിത്യം**

ചെറുകഥാസാഹിത്യത്തിന്റെ ക്രമാനുഗതമായ വളർച്ച മനസിലാക്കാൻ ഓരോഘട്ടത്തിലും വിശദപഠനത്തിന് നൽകിയിരുന്ന കഥകളിൽ ചിലതു മാറ്റി. കഥാകൃത്തുക്കൾക്ക് മാറ്റമില്ല. ലൂയിസ് ബോർഹസിന്റെ 'മണലും കോമ്പസും' ഉണ്ണി ആറിന്റെ 'പ്രാണിലോകം' സിതാര എസ് ന്റെ 'ഭൈവിളി' ഫ്രാൻസിസ് നൊറോണയുടെ 'കക്കുകളി' എന്നിവ പുതുതായി ഉൾപ്പെടുത്തി

(ഈ) **സംസ്കൃതം : ഭാഷയും സാഹിത്യവും**

5 മൊഡ്യൂളുകളായി ക്രമീകരിച്ചിരിക്കുന്ന കോഴ്സിന്റെ ഒരു മൊഡ്യൂളിൽ അടിസ്ഥാനവ്യാകരണം പുതുതായി ഉൾപ്പെടുത്തി കാളിദാസന്റെ തന്നെ കാവ്യവും നാടകവും നിലവിലെ പാഠ്യപദ്ധതിയിലുണ്ടായിരുന്നതിനാൽ കാളിദാസന്റെ 'അഭിജ്ഞാന ശാകുന്തളം' നാടകത്തിനു പകരം ശക്തിഭദ്രന്റെ 'ആശ്ചര്യചൂഡാമണി' ചേർത്തു. 'ഭഗവത്ഗീത (കർമ്മയോഗം)' 'നാരായണീയം(ദശകം 38)' എന്നിവയ്ക്കു പകരം 'അഷ്ടാംഗഹൃദയം' (ആയുർവേദം) രണ്ടാമധ്യായം ഉൾപ്പെടുത്തി.

(ഉ) **ആധുനിക മലയാളകവിത**

ഈ കോഴ്സിൽ വിശദപഠനത്തിനായി നിലവിൽ ഉൾപ്പെടുത്തിയിരുന്ന മുക്തകങ്ങൾ ഒന്നാം സെമസ്റ്ററിലെ 'കവിത: പ്രാചീനം, മധ്യകാലം' എന്നതിലേക്കു മാറ്റുകയും കോഴ്സ് പൂർണമായും മലയാളകവിതയുടെ ആധുനികതയ്ക്കു പ്രാധാന്യം നൽകുന്ന വിധം ക്രമീകരിക്കുകയും ചെയ്തു. വിശദപഠനത്തിന് നിലവിലുള്ള ചില കവിതകൾ മാറ്റി. കവികൾക്ക് മാറ്റമില്ല. 'മലയാള കവിത- ആധുനികത-രണ്ടാംഘട്ടം' എന്ന കോഴ്സിലെ പാഠ്യപദ്ധതിയുടെ ചില ഭാഗങ്ങൾകൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

(ഊ) **ഭാഷാശാസ്ത്രം**

വൈഷണിക ഭാഷാശാസ്ത്രം, ഹരിതഭാഷാശാസ്ത്രം എന്നിവ ഉൾപ്പെടുത്തി

(ഋ) **മലയാളനിരൂപണം**

വിശദപഠനത്തിനു നൽകിയിരിക്കുന്ന ചില ലേഖനങ്ങൾക്കു പകരം പുതിയവ ചേർക്കുകയും മലയാള നിരൂപണത്തിന്റെ പരിണാമ വഴികൾ മനസിലാക്കാൻ നിർബന്ധമായും ചേർക്കേണ്ട ചില ലേഖനങ്ങൾ പുതിയതായി ഉൾപ്പെടുത്തുകയും ചെയ്തു. സി.പി.അച്യുതമേനോന്റെ 'ഭാഷാകവിത'യ്ക്കു പകരം 'ഇന്ദുലേഖ'യുടെ നിരൂപണം, കേസരി എ.ബാലകൃഷ്ണപിള്ളയുടെ 'സ്പന്ദിക്കുന്ന അസ്ഥിമാടം' (മുഖവുര)ത്തിനു പകരം 'ശബ്ദങ്ങ'ളുടെ വിശകലനം, എം.എൻ. വിജയന്റെ 'കുടിയൊഴിക്ക' (ആമുഖം)ലിനു പകരം 'കവിതയും മനഃശാസ്ത്രവും' കെ.പി അപ്പന്റെ 'തിരസ്കാര'ത്തിനു പകരം 'നിരാനന്ദത്തിന്റെ ചിരി' എന്നിവ ഉൾപ്പെടുത്തി. നിരൂപണരംഗത്തു പ്രവർത്തിച്ചിരുന്ന കവികളെക്കുറിച്ചുള്ള പഠനവും ആശാന്റെ 'ചിത്രയോഗം' നിരൂപണവും ഉൾപ്പെടുത്തി.എം.ലീലാവതിയുടെ 'ആദിപ്രരൂപ വിമർശനം', പി.പി.രവീന്ദ്രന്റെ 'ആധുനികാനന്തരം', പ്രദീപൻ പാമ്പിരിക്കുന്നിന്റെ 'ദളിത് സൗന്ദര്യശാസ്ത്രം'(ആമുഖം), ഇ.വി.രാമകൃഷ്ണന്റെ 'പോർക്കളത്തിലെ ചിരി' എന്നിവ പുതുതായി ഉൾപ്പെടുത്തി.

(എ) **ഭാരതീയസാഹിത്യസിദ്ധാന്തങ്ങൾ**

ഭാരതീയസാഹിത്യസിദ്ധാന്തങ്ങളുടെ പഠനം സമഗ്രമാകണമെങ്കിൽ അലങ്കാരപദ്ധതി കൂടി ഉൾപ്പെടുത്തണമെന്ന തീരുമാനത്തെ തുടർന്ന് അലങ്കാരപദ്ധതി ചേർത്തു.

(ഏ) **ആധുനികോത്തരമലയാള കവിത**

'മലയാളകവിത- ആധുനികത-രണ്ടാം ഘട്ടം' എന്ന കോഴ്സിലെ ആധുനികകവിതയുടെ ഭാഗങ്ങളും വിശദപഠനത്തിനു നൽകിയ കവിതകളും രണ്ടാം സെമസ്റ്ററിലെ 'ആധുനിക മലയാളകവിത' യിലേക്കു മാറ്റുകയും പുതിയ കോഴ്സിൽ ഉത്തരാധുനിക കവിതയ്ക്കു പ്രാധാന്യം നൽകി ഉത്തരാധുനികത, വിഭജനം, വിശദപഠനം എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു. മലയാളകവിതയും അവയുടെ വിവർത്തനങ്ങളും എന്ന ഭാഗം നിലനിർത്തി

(ഐ) **പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ**

കാല്പനികസമീപനത്തിൽ ദാന്തെയുടെ കാഴ്ച്ചപ്പാടുകൾ പുതിയതായി ഉൾപ്പെടുത്തി. ആധുനികത മുതൽ ആധുനികോത്തരഘട്ടം വരെയുള്ള പാശ്ചാത്യസാഹിത്യസമീപനങ്ങൾ സാമാന്യപഠനമായി നിലവിൽ ഒരു മൊഡ്യൂളിൽ ക്രമീകരിച്ചിരുന്നത് മനശാസ്ത്ര നിരൂപണം, മാർക്സിയൻ നിരൂപണം, ഫോർമലിസം, ഫ്രാങ്ക്ഫർട്ട്സ്കൂൾ, നവചരിത്രവാദം, ഘടനാവാദം, ചിഹ്നവിജ്ഞാനീയം, അപനിർമ്മാണം തുടങ്ങിയവയെക്കുറിച്ചുള്ള വിശദമായി പഠിക്കുന്ന വിധത്തിൽ ക്രമീകരിച്ചു. വിവിധ ഇസങ്ങളെക്കുറിച്ചുള്ള സാമാന്യപഠനം ഒഴിവാക്കി. പാശ്ചാത്യേതരസമീപനങ്ങൾ ഉചിതമായ സഹായകഗ്രന്ഥങ്ങളുടെ അഭാവത്തിൽ ഒഴിവാക്കുകയും പകരം 'സ്ത്രീവാദം' ഉൾപ്പെടുത്തുകയും ചെയ്തു

## 2. ഇലക്റ്റീവ് കോഴ്സുകൾ

(അ) **വിവർത്തനം : സാഹിത്യം, സിദ്ധാന്തം, പ്രയോഗം**

സാഹിത്യം, സിദ്ധാന്തം, പ്രയോഗം എന്നീ നിലവിലുണ്ടായിരുന്ന ഘടകങ്ങളോടൊപ്പം വിവർത്തന സാഹിത്യം കൂടി ഉൾപ്പെടുത്തി. മലയാള വിവർത്തനത്തിന്റെ ഹ്രസ്വചരിത്രം, പാവങ്ങളും നോവൽ സാഹിത്യ ചരിത്രവും, മലയാള വിവർത്തന സാഹിത്യത്തിന്റെ ആധുനികഘട്ടം , ലാറ്റിനമേരിക്കൻ നോവൽ വിവർത്തനം, പാശ്ചാത്യ കവിതാ വിവർത്തനം എന്നിവയും അനുബന്ധവിശദപഠനങ്ങളും ഉൾപ്പെടുത്തിയാണ് വിവർത്തന സാഹിത്യം എന്ന മൊഡ്യൂൾ രൂപകൽപന ചെയ്തത്

### ആ ദളിത് - പരിസ്ഥിതി - സ്ത്രീ സാഹിത്യം

ദളിത്, പരിസ്ഥിതി , സ്ത്രീവാദങ്ങളുടെ സൈദ്ധാന്തിക തലങ്ങൾ കൂടുതൽ അറിയുന്നതിനും ദളിത്,പരിസ്ഥിതി , സ്ത്രീ ചിന്തകൾ മലയാളസാഹിത്യത്തിൽ അവതരിപ്പിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുന്നതിനും ഈ കോഴ്സ് പ്രാധാന്യം നല്കുന്നു ഈ മേഖലയിലെ സവിശേഷാസാഹിത്യരൂപങ്ങൾ വിശദപഠനത്തിനായി ഉൾപ്പെടുത്തി.

### ഇ ഗദ്യസാഹിത്യ മാതൃകകൾ

ഉപന്യാസം,ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, വൈജ്ഞാനികസാഹിത്യം എന്നീ ഗദ്യ സാഹിത്യ രൂപങ്ങൾ അഞ്ചു മൊഡ്യൂളുകളായി ക്രമീകരിച്ച് ഗദ്യസാഹിത്യമാതൃകകൾ എന്ന പുതിയ കോഴ്സ് രൂപകല്പന ചെയ്തിരിക്കുന്നു.

### ഈ നാടോടിവിജ്ഞാനീയം - ചരിത്രവും പരിണാമവും

നിലവിലുണ്ടായിരുന്ന ജനസംസ്കാരപഠനം എന്ന കോഴ്സിൽ നിന്ന് ചില മാറ്റങ്ങൾ വരുത്തി മൊഡ്യൂൾ ഒന്നിൽ നാടോടിവിജ്ഞാനീയം അടിസ്ഥാനധാരണകൾ, സ്വഭാവം,ധർമം,മറ്റു വിജ്ഞാന ശാഖകളുമായുള്ള ബന്ധം, വിവിധ സമീപനങ്ങൾ, ഇക്കോ ഫോക്‌ലോർ,പ്ലാൻറ് ലോർ, സൈബർ ഫോക് ,ഫോക്‌ലോറിസം ,പ്രായോഗികഫോക്‌ലോർ എന്നിവ ഉൾപ്പെടുത്തി. മൊഡ്യൂൾ രണ്ടിൽ പുരാവൃത്തം,ഐതീഹ്യങ്ങൾ ,പഴഞ്ചൊല്ലുകൾ ,കടങ്കഥകൾ എന്നിവയും വിശദപഠനത്തിനായി നാറാണത്തുഭ്രാന്ത എന്ന കവിതയും പ്രാദേശിക സ്ഥലനാമങ്ങളിലെ മഹാഭാരതങ്ങൾ എന്ന പഠനവും ഉൾപ്പെടുത്തി. മൊഡ്യൂൾ മൂന്നിൽ വിശദപഠനത്തിനായി അവനവൻ കടമ്പ (നാടകം), കളിയാട്ടം (സിനിമ) എന്നിവ ഉൾപ്പെടുത്തി

### 3. അധിക ഇലക്റ്റിവ് കോഴ്സുകൾ

നിലവിലുണ്ടായിരുന്ന ഇലക്റ്റിവ് കോഴ്സുകളിൽ ഒന്നായ സ്ത്രീപക്ഷ രചനകൾ പാഠ്യപദ്ധതിയിൽ മാറ്റമില്ലാതെ അധിക ഇലക്റ്റിവ് കോഴ്സിലേക്ക് മാറ്റി. മാധ്യമപഠനം എന്ന അധിക ഇലക്റ്റിവ് കോഴ്സിനൊപ്പം സൈബർ സാഹിത്യവും സംസ്കാരവും ലോകസാഹിത്യം, ഗവേഷണത്തിൻറെ രീതിശാസ്ത്രം എന്നിവ പുതിയതായി ഉൾപ്പെടുത്തി.

മലയാളത്തിലുള്ള കോഴ്സുകൾ താഴെ പറയുന്ന ഘടകങ്ങളുമായി സംയോജിപ്പിക്കാൻ നിർദേശിച്ചു

- ഗവേഷണത്തിലെയും സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളിലെയും നൂതന പ്രവണതകളെ അഭിസംബോധന ചെയ്യുകയും ശാസ്ത്രീയ

മുന്നേറ്റങ്ങളെയും കണ്ടുപിടുത്തങ്ങളെയും വിദ്യാർത്ഥികളെ പരിശീലിപ്പിക്കുക.

- ദേശീയ, പ്രാദേശിക, ആഗോള വികസന ആവശ്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രാധാന്യം നൽകുക.
- തൊഴിൽ സംരംഭകത്വം, നൈപുണ്യവികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നിലവിലുള്ള കോഴ്സുകൾ കാര്യക്ഷമമാക്കുക.
- വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ഓർഗനൈസേഷനുകളുമായി സഹകരിക്കുന്നതിന് MoU കൾ ഒപ്പിട്ട് കോഴ്സുകൾ സുഗമം ആക്കുക.
- ലിംഗഭേദം, പരിസ്ഥിതി സുസ്ഥിര ജീവിതം, മാനുഷികമൂല്യങ്ങൾ, പ്രൊഫഷണൽ നൈതികത തുടങ്ങിയ വശങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികളെ ബോധവത്കരിക്കുക.

മലയാള ബിരുദാനന്തര ബിരുദ പ്രോഗ്രാമിനും, ബിരുദ പ്രോഗ്രാമിനും നിർദേശിക്കപ്പെട്ട മാറ്റങ്ങളോടെ പുതിയ പാഠ്യ പദ്ധതി അംഗീകരിക്കാൻ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൽ തീരുമാനിച്ചു. യോഗം 4പി എമ്മിന് സമാപിച്ചു.

Read & confirmed

കോട്ടയം [illegible]

ഡിനി മറിയം സഖറിയ [illegible]

ഡോ. ശ്രീകാന്ത് കെ. എൻ

മെമ്പർ സെക്രട്ടറി

മലയാളം ബോർഡ് ഓഫ് സ്റ്റഡീസ്